## പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

### ഒക്ടോബർ 2020

**നിർദ്ദേശങ്ങൾ:–**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനായോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

**പ്രാരംഭഗാനം**

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

**പ്രാരംഭ പ്രാർത്ഥന**

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത്വ പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

**വചനവായന:–**

**വി. മത്തായി 14, 22–23**

**ധ്യാനചിന്തകൾ :– <u>"ഭയപ്പെടേണ്ടാ മക്കളെ"</u>**

'വെള്ളത്തിൽ നടക്കുന്നവൻ' ഭൂതമല്ല എന്നറിഞ്ഞപ്പോൾ അവന്റെ അടുക്കലേക്ക് ചേർന്നിരിക്കാനുള്ള ആഗ്രഹം പത്രോസ് പ്രകടിപ്പിക്കുന്ന രംഗമാണ് വചനഭാഗം.

**ഭയപ്പെടേണ്ട!;** ഈ കാലഘട്ടത്തിൽ മാത്രമല്ല മനുഷ്യനുണ്ടായിരുന്ന എല്ലാ കാലങ്ങളിലും അവൻ ഭയന്നിരുന്നു. ഇരുട്ടിനേയും, ആക്രമിക്കാൻ വരുന്ന

വന്യമൃഗത്തെയും, അണക്കാൻ കഴിയാത്ത കാട്ടുതീയെയും, വെള്ളപ്പൊക്കത്തെയും, പടർന്നു പിടിക്കുന്ന രോഗങ്ങളെയും, ഒളിഞ്ഞിരുന്ന് തന്നെ നശിപ്പിക്കാൻ വരുന്ന ശത്രുവിനെയും അവൻ ഭയപ്പെട്ടിരുന്നു. ഓരോ കാലഘട്ടങ്ങളിലും 'ഭയം' കൂട്ടാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. തങ്ങൾ സുരക്ഷിതരല്ല എന്ന തോന്നലുകളിൽ നിന്നാണ് 'ഭയം' ഒരുവനിൽ/ഒരുവളിൽ ഉടലെടുക്കുക. 2018–ൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കത്തിൽ ഗവൺമെന്റ് അധികാരികൾ പൊതുസമൂഹത്തോട് സുരക്ഷിതരാകുവാൻ വേണ്ടി സ്വന്തം ഭവനങ്ങൾ വിട്ടിറങ്ങി, കൂട്ടമായി സുരക്ഷിത കേന്ദ്രങ്ങളിൽപ്പോയി പാർക്കാൻ പറഞ്ഞു. എന്നാൽ 2020–ൽ ലോകം മുഴുവൻ കൊറോണ വൈറസ് ബാധിക്കപ്പെട്ടപ്പോൾ സ്വന്തം ഭവനങ്ങൾ ഒരിക്കലും വിട്ട് പുറത്തിറങ്ങി കൂട്ടുകൂടരുതെന്ന് ആവശ്യപ്പെട്ടു. **എവിടെയാണ് നമുക്ക് ശാശ്വതമായ സുരക്ഷ, അത് പൂർണ്ണമായും ദൈവത്തിൽ തന്നെ**. ഭയപ്പെട്ടിരിക്കുന്നവരോടു 'ഭയപ്പെടേണ്ട' എന്നു പറയുന്ന ഒരു കുഞ്ഞുപോലും അവർക്കൊരാശ്വാസമാണ്. ദൈവവചനത്തിൽ 365 തവണ 'ഭയപ്പെടേണ്ടാ' എന്നു പറയുന്നുവെന്നും 'അത് നമ്മുടെ എല്ലാ ദിവസങ്ങളിലെ ആധികളോടു നമ്മുടെ ദൈവം പറയുന്നതാണ്' എന്ന് വ്യാഖ്യാനിച്ച വചനപ്രഘോഷകരുടെ 'നാവ്' വാഴ്ത്തപ്പെടട്ടെ.

വെള്ളത്തിലൂടെ നടന്നു വരുന്നത് ഭൂതമാണെന്നാണ് പത്രോസും കൂട്ടരും കരുതിയത്. എന്നാൽ അത് കർത്താവാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവനോട് ചേർന്നുനിൽക്കാനാണ് പത്രോസ് ആഗ്രഹിക്കുന്നത്. (വെള്ളത്തിലൂടെ നടന്നതും, വെള്ളത്തിൽ വീണതും മറ്റൊരു കഥ) ലാസലെറ്റിലും 'തീഗോളം' കണ്ടു പേടിച്ച മെലനി, മാക്സിമിനെ വിളിച്ചുണർത്തി പറയുന്നതും അവിടെ 'ഭൂത'മുണ്ടെന്നാണ്. കൈയ്യിലിരിക്കുന്ന വടി കാട്ടികൊണ്ട് 'അത് നമ്മളെ ആക്രമിച്ചാൽ, ഞാൻ നോക്കികൊള്ളാം' എന്നു പറയുന്ന മാക്സിമിൻ എന്ന 11–വയസ്സുകാരൻ 14 വയസ്സുകാരി മെലനിയുടെ ഭയത്തിനൊരാശ്വാസമാണ്. എന്നാൽ മുട്ടുമടക്കി മിഴിപ്പൊത്തി കരഞ്ഞിരുന്ന പരി. അമ്മ, എഴുന്നേറ്റ് കരങ്ങൾ നീട്ടി അവരോടു പറഞ്ഞു. ''ഭയപ്പെടേണ്ട മക്കളെ അടുത്തു വരു, എനിക്ക് നിങ്ങളോടു ഒരു നല്ല വിശേഷം പറയാനുണ്ട്''. അതുവരെ ഭയന്നുമാറി, ഭൂതത്തെ തല്ലിയോടിക്കാൻ നിന്നിരുന്ന കുഞ്ഞുങ്ങൾ അവളോടു ചേർന്നു നിന്നു. പിന്നീടൊരിക്കൽ മാക്സിമിൻ അതിനെകുറിച്ച് പറഞ്ഞത്, ''ഞങ്ങളുടെ ഇടയിലൂടെ മറ്റൊരാൾക്ക് കടന്നുപോകാൻപോലും പറ്റാത്തവണ്ണം ഞങ്ങൾ അവളോട് അടുത്ത് നിന്നു.'' എന്നാണ്. ഭയത്തെ തോൽപ്പിക്കാൻ 'അടുത്ത് നിൽക്കുകയും, അടുത്ത് നിർത്തുകയും ചെയ്യണം'

സെമിനാരി കാലഘട്ടത്തിൽ അവധിക്ക് വീട്ടിൽ പോവുക എന്നു പറഞ്ഞാൽ വലിയ സന്തോഷത്തിന്റെ നാളുകളാണ്. അവധിക്കു പോകുന്നതിന്റെ തലേനാൾ പലപ്പോഴും സന്തോഷംകൊണ്ട് ഉറങ്ങാൻ പറ്റാറില്ല. തത്ത്വശാസ്ത്ര പഠന കാലഘട്ടിൽ 'അതുപോലൊരു രാത്രി' കൂട്ടുകാരൻ എന്നോട് പറഞ്ഞു, അവനു അവധിക്കു പോകാൻ ഇഷ്ടമില്ല എന്ന്. കാരണം; വീട്ടിൽ ചെന്നാൽ അപ്പച്ചൻ അധികം ഒന്നും മിണ്ടാതെ, ആകെ എന്നാ വന്നതെന്നും, ഇനി എന്നാ പോകുന്നതെന്നും മാത്രം ചോദിക്കും. പോകുന്നതിനു മുമ്പ് സെമിനാരിയിൽ അടക്കാനുള്ള പണം അമ്മയെ ഏൽപ്പിച്ചിരിക്കും. അപ്പൻ മിണ്ടാത്ത വീട്ടിലോട്ടു പോകാൻ അവനിഷ്ടമില്ല. തിന്നാനും കുടിക്കാനും ഇല്ലാത്തതു കൊണ്ടല്ല, സ്നേഹമനുഭവിക്കാനാവാത്തതു കൊണ്ട്!

സെമിനാരിയിൽ ചേരുന്നതിനു മുമ്പ് ഭയപ്പെടുത്തിയിരുന്ന ഒരു അപ്പനെയാണ് അവനു ഓർമ്മ, അിറഞ്ഞും അറിയാതെയും ചെയ്ത പോയ കുസൃതികൾക്ക് കണക്കു പറഞ്ഞ് റബർ മരത്തിന്റെ വേരുകൊണ്ടും കാപ്പിവടി കൊണ്ടും പൊതിരെ തല്ലിയിരുന്ന 'ജയിൽ വാർഡ'നു തുല്യനായ ഒരു അപ്പൻ. സ്നേഹം കൊണ്ട് ഒരു നോട്ടം പോലും സമ്മാനിക്കാതിരുന്നയാൾ, ഒന്നു സ്നേഹത്തോടെ ചേർത്ത് പിടിച്ച ഓർമ്മപോലുമില്ല അവന് അപ്പനെപ്പറ്റി. മാതാപിതാക്കൾ മക്കൾക്ക് 'ശിക്ഷണം' മറന്ന് 'ശിക്ഷ' കൊടുക്കുമ്പോൾ ഭയപ്പെടുത്തുന്നവരും, അകറ്റി നിർത്തുന്നവരും ആയി തീരും.

പാപികളെയും ചുങ്കക്കാരെയും ഭയപ്പെടുത്തി അകറ്റി നിർത്താതിരുന്നവന്റെ അമ്മ, ലാസലെറ്റിലും പാപികളായ നമ്മളോട് പറയുന്നത് ഭയപ്പെടേണ്ടാ എന്നു തന്നെയാണ്. നോട്ടം കൊണ്ടും വാക്കു കൊണ്ടും പ്രവർത്തി കൊണ്ടും ഈ കൊച്ചുജീവിതത്തിൽ ആരെയും ഭയപ്പെടുത്തി അകറ്റി നിർത്താനല്ല സ്നേഹത്തോടെ ചേർത്തു നിർത്താനാണ് ലാസലെറ്റ് മാതാവ് നമ്മെ പഠിപ്പിക്കുക.

**വിചിന്തനം നടത്താം.**

- ഭയത്തിനാൽ ഏതൊക്കെ വ്യക്തികളിൽ നിന്നാണ് ഞാൻ അകന്നിരിക്കുന്നത്?
- ഭയപ്പെടുത്തി ആരെയൊക്കെയാണ് ഞാൻ അകറ്റി നിർത്തിയിരിക്കുന്നത്?
- ഭയപ്പെടുന്നവർക്കും ഭയപ്പെടുത്തുന്നവർക്കും ദിവ്യവൈദ്യൻ കൽപ്പിക്കുന്നത് ഒരു മരുന്ന് തന്നെ– 'സ്നേഹം'

**"ഭയത്തിന്റെ ഭീകര തടവറയിൽ നിന്ന് അമ്മയെന്ന സുരക്ഷിതത്വത്തിലേക്കുള്ള ദൂരമാണ് ലാസലെറ്റ്"**

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: ലോകം മുഴുവനെയും ഭയത്തിന്റെ അന്ധകാരത്തിലാഴ്ത്തുന്ന കൊറോണാ വൈറസ് ബാധയിൽ നിന്ന് എല്ലാവരേയും കാത്തു പരിപാലിക്കണമെന്നും, അതിവേഗം പ്രതിരോധ വാക്സിൻ സംലഭ്യമാകണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: 'ഭയം' എന്ന വികാരത്തിനടിമപ്പെട്ട് വ്യക്തിബന്ധങ്ങളിൽ വിള്ളലുകൾ ബാധിച്ച കുടുംബങ്ങളെയും, അയൽപക്ക ബന്ധങ്ങളെയും, ഇടവക സമൂഹങ്ങളെയും, കൂട്ടായ്മകളെയും സ്നേഹതൈലത്താൽ സുഖപ്പെടുത്തണമേ എന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: മാതാപിതാക്കളും മക്കളും പരസ്പര സ്നേഹത്തോടും, സഹകരണത്തോടും ജീവിച്ച് ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാൻ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ എന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: രോഗങ്ങളാലും കടബാധ്യതകളാലും, മറ്റു പലകാരണങ്ങളാലും മുന്നോട്ടുള്ള ജീവിതത്തെ ഭയത്തോടെ വീക്ഷിക്കുന്നവർക്ക് പ്രതീക്ഷയുടെ സാന്ത്വനം നൽകണമേ എന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും നമ്മുടെ കുടുംബത്തിന്റെ പ്രത്യേക ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവിന്റെ മാദ്ധ്യസ്ഥം വഴി നിശബ്ദമായി ദൈവത്തിന് സമർപ്പിക്കാം.

ലീഡർ: **നമുക്ക് പ്രാർത്ഥിക്കാം.**

കർത്താവേ സ്നേഹസമ്പന്നനായ നല്ല പിതാവേ, ഞങ്ങളെയും ലോകംമുഴുവനെയും, അങ്ങയിൽ നിന്നും വ്യക്തിബന്ധങ്ങളിലും നിന്ന് അകറ്റുന്ന എല്ലാതരത്തിലുള്ള ഭയത്തിന്റെ ബന്ധനങ്ങളിൽ നിന്നും രക്ഷിക്കണമേ. ലാസലെറ്റിൽ ഭയം മാറ്റിവെച്ച് അമ്മയോടു ചേർന്നു നിന്ന മാക്സിമിനെയും മെലനിയെയുംപ്പോലെ ഈ കാലഘട്ടത്തിൽ രോഗത്തിന്റെയും പ്രതികൂല സാഹചര്യങ്ങളുടെയും നടുവിൽ പരി. അമ്മയോടു കൂടുതൽ ചേർന്നു നിന്ന് വിശ്വാസത്തോടെ നിന്നിലാശ്രയിക്കാൻ ഞങ്ങളെയും, എല്ലാ കുടുംബാംഗങ്ങളെയും, ലോകം മുഴുവനെയും അനുഗ്രഹിക്കണമെ. വ്യക്തിബന്ധങ്ങളിലുണ്ടായ വീഴ്ചകളെ സ്നേഹം പുരട്ടിയുണക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർയൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**<u>സമാപനഗാനം</u>**

നിത്യവിശുദ്ധയാം..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu